## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 71** **11.06.2014 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ കേസിലെ സുപ്രീം കോടതി വിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സി. കെ. സദാശിവൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ വിധിയുടെ പശ്ചാത്തലത്തിൽ അടിയന്തര സാഹചര്യമുണ്ടായാൽ നേരിടാൻ എന്തെങ്കിലും സംവിധാനം ആലോചിക്കുന്നുണ്ടോ;<br><br>(ബി). നിലവിൽ ഒരുക്കിയിരിക്കുന്ന മുന്നറിയിപ്പു സംവിധാനങ്ങളും സുരക്ഷാസംവിധാനങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (എ)യും<br>(ബി)യും | ബഹു. സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ്നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാദ്ധ്യമായ എല്ലാനടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിൻെറ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവനദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ്സ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ |

കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിലും ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമീപപ്രദേശത്ത് ദുരന്ത നിവാരണ വകുപ്പിന്റെ ശക്തമായ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും അതുവഴി ജനങ്ങളുടെ ആശങ്കകുറയ്ക്കുന്നതിനുമുള്ള നടപടികൾ സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) സുരക്ഷാ ആശങ്കകൾ പരിശോധിക്കുന്നതിന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള മൂന്നംഗസമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കി അടിയന്തര സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്; ഈ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ മന്ത്രിതല സമിതിയെ നിയോഗിക്കാൻ തയ്യാറാകുമോ?

(സി) സുരക്ഷാ ആശങ്കകൾ പരിശോധിക്കുന്നതിന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള മൂന്നംഗ സമിതിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. വി. ജെ. കുര്യനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത മൂന്നംഗ സമിതിയിലേക്ക് കേന്ദ്രജലകമ്മീഷന്റെ പ്രതിനിധിയെ നിയോഗിച്ചതു സംബന്ധിച്ചുള്ള

അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. മന്ത്രിതല സമിതിയെ നിയോഗിയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയില്ല.

സെക്ഷൻ ഓഫീസർ